# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 370 17.12.2014 - ൽ മറുപടിയ്ക്ക്

**പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീമതി. ഇ. എസ്. ബിജിമോൾ**<br>**ശ്രീ. കെ. അജിത്** | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിന് ഗുണകരമല്ലാത്ത പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ (06.08.2003-ൽ) പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസിയുടെ (NWDA-യുടെ) ഗവേർണിംഗ് ബോഡി, വാർഷിക ജനറൽ ബോഡി എന്നിങ്ങനെയുള്ള വിവിധ യോഗങ്ങളിൽ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 21.11.2014-ൽ നദീസംയോജന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ കൂടി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര ജലവിഭവ വകുപ്പമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന ജലവിഭവ |

വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നത് കേരളത്തിന് ഗുണകരമല്ലായെന്നുള്ള വിവരം കാര്യകാരണ സഹിതം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനെതിരെ കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയെ Priority list - ൽ നിന്നും ഒഴിവാക്കുന്നതായും കേരളത്തിന്റെ കൂടി സമ്മതമില്ലാതെയും ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ പൊതുധാരണയിലെത്താതെയും പദ്ധതിയുടെ നടത്തിപ്പിനുള്ള നടപടികൾ സ്വീകരിക്കുകയില്ലായെന്നും ദേശീയ ജലവികസന ഏജൻസിയുടെ യോഗതീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതു സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പമ്പ - അച്ചൻകോവിൽ - വൈപ്പാർ പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാമെന്ന് ഇതു സംബന്ധിച്ച് CWRDM (കോഴിക്കോട്) നടത്തിയ പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) അന്തർ സംസ്ഥാന നദീജലക്കരാറുകൾ പ്രകാരം സംസ്ഥാനത്തിനുള്ള ജലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) കേരളം കക്ഷിയായിട്ടുള്ള മൂന്ന് അന്തർസംസ്ഥാന നദീജലകരാറുകളാണ് നിലവിലുള്ളത്. (പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ, പെരിയാർ പാട്ടക്കരാർ, ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നിവ) പ്രസ്തുത കരാറുകളിലെ, പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പ്രകാരമാണ് കേരളത്തിന് ജലം ലഭിക്കുന്നത്. കൊടിയ വരൾച്ച അനുഭവപ്പെട്ടിരുന്ന ചില വർഷങ്ങളിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലം കേരളത്തിന് ലഭിച്ചിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും ജലസേചനവകുപ്പിന്റെയും സമയോചിതവും

ശക്തവുമായ ഇടപെടലുകൾമൂലം പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്നും കരാർ പ്രകാരം അർഹതപ്പെട്ട ജലം നേടിയെടുക്കാറുണ്ട്. 2012-2013 ജലവർഷത്തിൽ കേരളത്തിന് കരാർ വ്യവസ്ഥകൾ പ്രകാരം അർഹതപ്പെട്ട ജലവിഹിതം ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ നിയമവിദഗ്ധരുമായി കൂടിയാലോചിച്ചശേഷം കേരളം ബഹു. സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും, ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയുടെ അന്തിമതീരുമാനം ആയിട്ടില്ല.

സെക്ഷൻ ഓഫീസർ